ശ്രീ. എ. സി. ഷൺമുഖദാസ് : ഞാൻ ചോദിച്ചത് രാജിവച്ച മെമ്പർക്കു പകരം നോമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നാണ് ?

ശ്രീമതി എം. കമലം : അതിനൊക്കെയുള്ള വിവേചനാധികാരം രജിസ്ട്രാർക്കുണ്ട്.

ശ്രീ. കെ കൃഷ്ണൻകുട്ടി : നാലരക്കൊല്ലമായി മന്ത്രി അനേക നോമിനേഷനൊക്കെ നടത്തി. അതിന്റെ ഫലം ഇപ്പോൾ അനുഭവിക്കുന്നുണ്ടല്ലോ ? ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവരൊക്കെതന്നെ ഈ നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. മന്ത്രിക്കും ഇത് ശരിയല്ല എന്ന തോന്നലൊക്കെ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വരുന്ന ബില്ലിൽ ഈ നോമിനേഷൻ സമ്പ്രദായം എടുത്തുകളയാൻ ക്ലാസ്സുകൾ ഉൾപ്പെടുത്തുമോ ?

ശ്രീമതി എം. കമലം : ഈ സഭയ്ക്ക് പൂർണ്ണമായ അധികാരമുണ്ട്. ഭരണപക്ഷത്തും പ്രതിപക്ഷത്തും പ്രഗൽഭൻമാരായ സഹകാരികൾ ഇരിക്കുന്ന ഈ നിയമസഭ അങ്ങനെ ഒരു തീരുമാനം എടുത്താൽ അക്ഷരംപ്രതി നടപ്പിൽ വരുത്താൻ ഞാൻ തയ്യാറാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

അർബൻ ബാങ്കുകൾ

* 112. [114] ശ്രീ. സി. ടി. അഹമ്മദ് അലി :

,, എം പി. എം. ഇസ്ഹാക് കുരിക്കൾ :

,, പി. സീതിഹാജി :

,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടണപ്രദേശങ്ങളിൽ എത്ര അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പുതിയ അർബൻ ബാങ്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം)

(എ) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന 52 ബാങ്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള അർബൻ ബാങ്കുകൾക്കു പുറമേ സംസ്ഥാനത്തൊട്ടാകെ 16 പ്രദേശങ്ങളിൽ കൂടി അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ പ്രാഥമിക സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള നടപടി സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly